## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .63 28-05-2019 -ൽ മറുപടിക്ക്

# പിറവം നിയോജക മണ്ഡലത്തിലെ പ്രളയാനന്തര നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2018-ലെ പ്രളയത്തിൽ പിറവം നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്നും, വീടുകൾ നഷ്ടപ്പെട്ടതിനു നഷ്ടപരിഹാരം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, എത്ര പേർക്ക് നഷ്ടപരിഹാരം നല്കിയെന്നുമുള്ള വിവരം, നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് ഇനംതിരിച്ച്,പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | എ) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. മൂവാറ്റുപുഴ താലൂക്കിൽ 35 വീടുകൾ പൂർണ്ണമായും തകർന്നിട്ടുള്ളതാണ്. ഇതിൽ 17 പേർക്ക് ഒന്നാം ഗഡുവും 16 പേർക്ക് രണ്ടാം ഗഡുവും 14 പേർക്ക് മൂന്നാം ഗഡുവും അനുവദിച്ചിട്ടുള്ളതാണ്. ഭാഗീകമായി തകർന്ന 4523 വീടുകൾക്ക് 15,87,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രളയത്തിൽ പിറവം നിയോജക മണ്ഡലത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായ പഞ്ചായത്തുകളിൽ, അടുത്തുവരുന്ന മൺസൂൺ നേരിടുന്നതിന് എന്തൊക്കെ മുൻകരുതലുകളും, കർമ്മ പദ്ധതികളുമാണ് ആവിഷ്കരിച്ച് നടപ്പിലാ ക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | ബി) | പൂർണ്ണമായി തകർന്ന വീടുകളിലെ താമസക്കാർക്ക് മൺസൂണിന് മുമ്പായി വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ അന്തിഘട്ടത്തിലാണ്. കൂടാതെ വെള്ളപ്പൊക്കം ഉണ്ടാകുന്ന അവസ്ഥയിൽ താലൂക്കുകളിലെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിന് നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ